# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1876 — 05.10.2016-ൽ മറുപടിയ്ക്ക്

### ഫോക് ലോർ വില്ലേജ്

**ചോദ്യം**

ശ്രീ എം.രാജഗോപാലൻ

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

(എ) കാസർഗോഡ് ജില്ലയിലെ കൊട്ടക്കാട് കേന്ദ്രീകരിച്ച് തെയ്യം കലയുടെ കുലപതിയായ മണക്കാടൻ ഗുരുക്കൾക്കും നർത്തകരത്നം കണ്ണപെരുവണ്ണാനും ഉചിതമായ സ്മാരകമായി ഒരു ഫോക് ലോർ വില്ലേജ് സ്ഥാപിക്കാൻ പുതിയ ബജറ്റിൽ തുക വകയിരുത്തുകയും, ഇതിനാവശ്യമായ സ്ഥലം കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ അവസാന കാലത്ത് പതിച്ച് നൽകാൻ മന്ത്രിസഭായോഗത്തിൽ തീരുമാനമുണ്ടാകുകയും ചെയ്തിട്ടും ആയത് പതിച്ച് നൽകാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിനുള്ള ഭൂമി സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(എ) യും (ബി) യും കാസർഗോഡ് ജില്ലയിലെ കൊട്ടക്കാട് കേന്ദ്രീകരിച്ച് തെയ്യം കലയുടെ കുലപതിയായ മണക്കാടൻ ഗുരുക്കൾക്കും നർത്തകരത്നം കണ്ണപെരുവണ്ണാനും ഉചിതമായ സ്മാരകമായി ഒരു ഫോക് ലോർ വില്ലേജ് സ്ഥാപിക്കാൻ ഈ സാമ്പത്തിക വർഷം, ബജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ